# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

I T

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 1

30-11-2015 ൽ മറുപടിയ്ക്ക്

## സാഗരമാല പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ബി.അബ്ദുൾ റസാക് :<br>ശ്രീ. സി.മമ്മൂട്ടി :<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :<br>ശ്രീ. കെ.എം.ഷാജി : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) രാജ്യത്തെ തുറമുഖങ്ങളെ ബന്ധിപ്പിക്കുന്നതിനും നിലവാരമുയർത്തുന്നതിനുമുള്ള സാഗരമാല പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (എ) കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം വിഭാവനം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുന്ന പദ്ധതിയാണ് സാഗർമാല പദ്ധതി. പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ 30-09-2014 ൽ വിളിച്ച് ചേർത്ത യോഗത്തിൽ തുറമുഖ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ പങ്കെടുക്കുകയുണ്ടായി. കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം 2015 ജൂലൈ മാസം തിരുവനന്തപുരത്ത് വച്ച് ഒരു സ്റ്റേക് ഹോൾഡർ മീറ്റിംഗ് സംഘടിപ്പിക്കുകയുണ്ടായി. അന്തിമ പദ്ധതി രേഖയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചർച്ചകളിൽ തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പങ്കെടുത്തു.<br>സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന തീരദേശ കപ്പൽ ഗതാഗത പദ്ധതിയുമായി ഏറെ സാമ്യമുള്ളതാണ് സാഗർമാല പദ്ധതി. ആയതിനാൽ പദ്ധതിയുടെ രൂപരേഖയുടെ രൂപീകരണത്തിനും വിജയകരമായ നടത്തിപ്പിനുതകുന്നതുമായ ആശയങ്ങളും നിർദ്ദേശങ്ങളും മുന്നോട്ട് വയ്ക്കുകയുണ്ടായി. പദ്ധതി രേഖയിൽ അവ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ അംഗീകൃത കൺസൽട്ടന്റായ മെസ്സേഴ്സ്. ഡിലോയിറ്റ് തയ്യാറാക്കി സമർപ്പിച്ച ബിസിനസ് പ്ലാനിനെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാനത്തിന്റെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കേന്ദ്രസർക്കാരിന് |

സമർപ്പിച്ചിട്ടുള്ളത്.

സാഗർ മാല പദ്ധതിയിൽ ഉൾപ്പെടുത്തി, അംഗീകാരവും ധന സഹായവും ലഭിക്കുന്നതിന് താഴെ പറയുന്ന പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു.

1) വിഴിഞ്ഞം തുറമുഖത്തെ റെയിൽ ശൃംഖലയുമായി ബന്ധപ്പെടുത്തുന്ന റെയിൽപ്പാത.

2) പദ്ധതി പ്രദേശത്തെ സാമൂഹിക വികസനവും ജീവനോപാധി മെച്ചപ്പെടുത്തലും.

ഈ പദ്ധതികൾ തയ്യാറാക്കുവാൻ കൺസൾട്ടന്റിനെ നിയമിക്കുവാൻ വി.ഐ.എസ്.എൽ. ബോർഡ് തീരുമാനിച്ചിട്ടുണ്ട്. നടപടി സ്വീകരിച്ചുവരുന്നു. മറ്റു നോൺ മേജർ തുറമുഖങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾ തയ്യാറാക്കാനായി കൺസൾട്ടന്റിനെ നിയമിക്കാൻ പോർട്ട് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇതിനായി സംസ്ഥാനത്തെ തുറമുഖങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ബി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുമായി ബന്ധപ്പെട്ട് അഴീക്കൽ, ബേപ്പൂർ, പൊന്നാനി, കൊടുങ്ങല്ലൂർ, കൊല്ലം, വിഴിഞ്ഞം തുടങ്ങിയ തുറമുഖങ്ങളാണ് വികസിപ്പിക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളത്. സാഗർമാലയുടെ ഭാഗമായിട്ട് സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം തീരദേശ കപ്പൽ ഗതാഗത പദ്ധതിയുമായി ഏകീകരിച്ച് കുറ്റമറ്റതും മികച്ചതുമായ രീതിയിൽ നടപ്പിലാക്കാനാണ് സംസ്ഥാന തുറമുഖ വകുപ്പ് ഉദ്ദേശിക്കുന്നത്.

തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ രൂപരേഖയും അതാത് ചെറുകിട തുറമുഖ വികസനത്തിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാനുകളും ഏകീകരിച്ച് സാഗർമാലയ്ക്ക് ഉതകുന്ന രീതിയിലുള്ള അടിസ്ഥാന സൗകര്യവികസനം ചെയ്യാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചുവരികയാണ്.

(സി) ഇതുമായി ബന്ധപ്പെട്ട് ഒരുക്കേണ്ട അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച്

(സി) സാഗർമാല പദ്ധതി നടത്തിപ്പിനായി ഇൻഡ്യയുടെ തീരദേശത്തെ ആറ് കോസ്റ്റൽ എക്കണോമിക് ക്ലസ്റ്ററുകളായി തിരിച്ചിട്ടുണ്ട്. വൻകിട തുറമുഖമായ

| | |
|---|---|
| കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ? | കൊച്ചിയെ ചുറ്റി കേരളത്തിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന ചെറുകിട തുറമുഖങ്ങളെ ഉൾക്കൊള്ളിച്ചുള്ള ക്ലസ്റ്ററിൽ ആണ് കേരളം ഉൾപ്പെട്ടിട്ടുള്ളത്. തീരദേശ ചരക്കു ഗതാഗതത്തിന് അത്യന്താപേക്ഷിതമായ Dedicated Coastal Berth, PPP Model – ൽ നിർമ്മിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. തുറമുഖ വികസനത്തിനാവശ്യമായ ഘടകങ്ങൾ, ഫണ്ടിംഗ് നടപ്പിലാക്കുന്ന രീതി, കേന്ദ്ര സർക്കാരിൽ നിന്നാവശ്യമായ സഹായങ്ങൾ എന്നിവ ഏകീകരിച്ച പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൺസൽട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ